പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2548 12.6.2018 -ൽ മറുപടിയ്ക്ക്

## കേരള ടൂറിസം സംരംഭകത്വ ഫണ്ട്

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : | | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ടിന് രൂപം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | ഉണ്ട്. ഇതിനായി ഒരു ശീർഷകം അനുവദിക്കുന്നതിനായി പ്രാരംഭ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| ബി) | കേരള ടൂറിസം ബ്രാന്റിന് ഒരു ബ്രാന്റ് അംബാസിഡറെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | ബി) | ഉണ്ട്. |
| സി) | ടൂറിസം കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; ടൂറിസം മേഖലയിൽ ഗ്രീൻ പ്രോട്ടോകോൾ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; | സി) | മാലിന്യ നിർമ്മാർജ്ജനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ട സംഗതിയാണെങ്കിലും കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനും നിയന്ത്രണത്തിനുമായി വിനോദസഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിവിധ ഏജൻസികളുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണം, അതിനായുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചിത്വവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ |

| | | | |
|---|---|---|---|
| | | | വകുപ്പ് നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലേയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടേയും നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ച് കൊണ്ടാണ് ഈ പദ്ധതി നടത്തി വരുന്നത്. മാലിന്യ സംസ്കരണവും ശുചീകരണവും മുഖ്യമായുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതി കേരളത്തിലെ തെരെഞ്ഞെടുത്ത 78 വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ നടപ്പാക്കി വരുന്നു. ഓരോ കേന്ദ്രങ്ങളിലേയും ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ, എൻജിഓകൾ, പ്രദേശവാസികൾ, തുടങ്ങിയവരെ ഏകോപിപ്പിച്ച കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.<br>വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് വകുപ്പ് അംഗീകാരവും ധനസഹായവും നൽകിവരുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ എൻജിഓ- യെ ഉപയോഗപ്പെടുത്തി നടപ്പിലാക്കി വരുന്ന തുടർ മാലിന്യ നിർമ്മാർജ്ജന പദ്ധതിയും ഇടുക്കി ജില്ലയിലെ എക്സ് സർവ്വീസ് മെൻ ട്രസ്റ്റിനെ ഉപയോഗപ്പെടുത്തി ചെയ്യുന്ന സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതിയും വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. കായൽ ജലാശയങ്ങളിലെ മാലിന്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനീഷ്യേറ്റീവ്, വേസ്റ്റ് ഫ്രീ അഷ്ടമുടി പോലുള്ള പ്രവർത്തനങ്ങളും വകുപ്പ് നടപ്പാക്കി വരുന്നു.<br>ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റ ചട്ടം നടപ്പാക്കുന്നതിന് വകുപ്പ് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് ഉപയോഗം ഘട്ടം ഘട്ടമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു. |
| ഡി) | ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നതിന് | ഡി) | ടൂറിസം മേഖലയിലെ സംരംഭകർക്കായി ഐഡിയ കം ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫിക്കി, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി, ടൂറിസം രംഗത്തെ മറ്റ് |

| | | | |
|---|---|---|---|
| | ലക്ഷ്യമിട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | | അസോസിയേഷനുകൾ എന്നിവ വഴിയാകും മീറ്റ് സംഘടിപ്പിക്കുക. സംസ്ഥാനതല മീറ്റ് ഈ വർഷം അവസാനത്തോടെ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് പുറമെ ജില്ലാതല ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഡി.റ്റി.പി.സികൾ, ടൂറിസം ട്രാവൽ അസോസിയേഷനുകൾ എന്നിവയുടെ കൂടി സഹകരണത്തോടെയാണ് മീറ്റ് സംഘടിപ്പിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**